©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 10th January 2011<br>2011 ജനുവരി 10<br>20th Pousha 1932<br>1932 പൌഷം 20 | No.<br>നമ്പർ 25 |

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ്—കേരള സർക്കാരിന്റെ നിലവിലുള്ള ഔദ്യോഗിക ചിഹ്നത്തിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്

സ.ഉ.(പി) നമ്പർ 6/2011/പൊ.ഭ.വ. *തിരുവനന്തപുരം, 2011 ജനുവരി 3.*

പരാമർശം.—1. 30-9-2008-ലെ 60/07/പൊ.ഭ.വ. നമ്പർ സർക്കുലർ.

2. കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ 25-3-2010-ലെ 5370/ഔ.ഭ.സ2/2009/ലെജി. നമ്പർ കത്ത്.

## ഉത്തരവ്

കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ (2009-2011) 10-12-2009-ൽ കൂടിയ യോഗം കേരള സർക്കാരിന്റെ ഔദ്യോഗിക ചിഹ്നത്തിൽ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള 'GOVERNMENT OF KERALA' എന്നതു മാറ്റി 'കേരള സർക്കാർ' എന്ന് മലയാളത്തിൽ എഴുതുന്നതായിരിക്കും ഉചിതമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

33/72/2011/DTP.

പരാമർശം 1-ലെ സർക്കുലർ അനുസരിച്ച് ഔദ്യോഗികാവശ്യങ്ങൾക്കായി ഇന്ത്യയുടെ ചിഹ്നം ഉപയോഗിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ പൂർണ്ണമായ ചിഹ്നത്തോടൊപ്പം 'സത്യമേവ ജയതേ' എന്ന് ദേവനാഗരി ലിപിയിൽ ലയൺ ക്യാപ്പിറ്റലിനു താഴെ എഴുതുകയും വേണം എന്ന നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്.

ഔദ്യോഗിക ചിഹ്നത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കേന്ദ്ര സർക്കാരുമായും മററു സംസ്ഥാന സർക്കാരുമായും ബന്ധപ്പെട്ട കാര്യങ്ങൾക്ക് സർക്കാർ മുദ്ര ഉപയോഗിക്കേണ്ടിവരുന്നതിനാൽ 'GOVERNMENT OF KERALA' എന്ന് ഇംഗ്ലീഷ് ഭാഷയിലും 'കേരള സർക്കാർ' എന്ന് മലയാളത്തിലുമുള്ള രേഖപ്പെടുത്തലുകൾ ഗുണകരമാണ്.

ഔദ്യോഗികഭാഷാ സമിതിയുടെ ശുപാർശയും പരാമർശം 2-ലെ സർക്കുലറിലെ നിർദ്ദേശങ്ങളും പരിഗണിച്ച് സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള ഔദ്യോഗിക ചിഹ്നത്തിൽ ഏററവും താഴെയായി കാണുന്ന 'സത്യമേവ ജയതേ' എന്നത് ലയൺ ക്യാപ്പിററലിനു തൊട്ടു താഴെ ദേവനാഗരി ലിപിയിൽ ആലേഖനം ചെയ്തുകൊണ്ടും 'കേരള സക്കാർ' എന്ന് എഴുതിയിട്ടുള്ളത് ലിപി പരിഷ്കരണത്തിന് വിധേയമായി 'കേരള സർക്കാർ' എന്ന് ആലേഖനം ചെയ്തുകൊണ്ടും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഔദ്യോഗിക ചിഹ്നം നിയമാനുസൃതം ഉപയോഗിച്ചുവരുന്ന വകുപ്പുകൾ മേല്പറഞ്ഞ മാററങ്ങൾ വരുത്തി ചിഹ്നം ഉപയോഗിക്കേണ്ടതാണ്. ഔദ്യോഗിക ചിഹ്നത്തിന്റെ പരിഷ്കരിച്ച മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. പി. പ്രഭാകരൻ,
*ചീഫ് സെക്രട്ടറി.*

1. എല്ലാ വകുപ്പ് തലവന്മാർക്കും
2. പൊതുഭരണ (എസ്.സി.) വകുപ്പ്
3. സെക്രട്ടേറിയററിലെ എല്ലാ വകുപ്പുകൾക്കും
4. സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയററ്
5. എല്ലാ ജില്ലാ കളക്ടർമാർക്കും
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
7. അഡ്വക്കേററ് ജനറൽ, എറണാകുളം
8. റസിഡന്റ് കമ്മീഷണർ, കേരള ഹൗസ്, ന്യൂഡൽഹി
9. ഡയറക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം
10. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്

11. സംസ്ഥാന ഇലക്ഷൻ കമ്മീഷണർ, തിരുവനന്തപുരം
12. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
13. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
14. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

*സെക്ഷൻ ആഫീസർ.*

പകർപ്പ്.—1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്
(24-5-2010-ലെ 5099/ഔ.ഭാ.4/10/ഉഭപവ. നമ്പർ കുറിപ്പ് പ്രകാരം).

2. നിയമവകുപ്പ്
(30-10-2010-ലെ 15046/ഇ2/10/നിയമം നമ്പർ കുറിപ്പ് പ്രകാരം).

അനുബന്ധം

[സ.ഉ.(പി) നമ്പർ 6/2011/പൊ.ഭ.വ., തീയതി 3-1-2011]

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.